ഉത്തരം

(എ) കേരളാ ഹാൻഡ്ലൂം ഫിനാൻസ് ആൻറ് ട്രേഡിംഗ് കോർപ്പറേഷൻറെ ആഭിമുഖ്യത്തിൽ ഒരു കൈത്തറിത്തുണി സംസ്കരണ കേന്ദ്രം കണ്ണൂരിൽ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) 25 ലക്ഷം രൂപ.

(സി) ആവശ്യമായ യന്ത്രസാമഗ്രികൾ ഫാക്ടറിയിൽ സ്ഥാപിച്ചു കൊണ്ടിരിക്കുകയാണ്.

(ഡി) പരിഗണിച്ചു വരികയാണ്.

ടൈറാനിയം കോംപ്ലക്സ്

762 [1126] ശ്രീ. കല്ലട നാരായണൻ:

ശ്രീ. ത്യാഗരാജൻ:

ശ്രീ. എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറയിൽ ആരംഭിക്കുന്ന ടൈറാനിയം കോംപ്ലക്സിന് ആകെ എത്ര സ്ഥലം വേണ്ടി വരും;

(ബി) ഇതിനകം എത്ര ഏക്കർ സ്ഥലം അക്വയർ ചെയ്തു;

(സി) ആവശ്യമുള്ള സ്ഥലം അക്വയർ ചെയ്തിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഈ കോംപ്ലക്സിൻറെ പ്രവർത്തനം ഏതു വർഷം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 210 ഏക്കർ.

(ബി) 200 ഏക്കർ.

(സി) ശേഷിച്ച 10 ഏക്കർ അക്വയർ ചെയ്യുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു.

(ഡി) 1981-82 വർഷത്തിൽ ഉൽപ്പാദനം ആരംഭിക്കാം എന്നു പ്രതീക്ഷിക്കുന്നു.

പെൻകോസ്

763 [1127] ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ചിറ്റൂരിൽ സ്ഥാപിച്ചു നടത്തി വന്നിരുന്ന പെൻകോസ് എന്ന സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ എന്തു കാരണത്താലെന്ന് വ്യക്തമാക്കുമോ;

(സി) ഈ സ്ഥാപനം പുനഃസംഘടിപ്പിച്ച് പ്രവർത്തനം പുനരാരംഭിക്കാൻ ഇതിനകം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രവർത്തിക്കുന്നില്ല.

(ബി) ആവശ്യമായ ധനം ശേഖരിക്കാൻ കഴിയാത്തതുകൊണ്ടും മുഖ്യമായി ജോബ് വർക്സ് മാത്രം ചെയ്തിരുന്നതുകൊണ്ടും ആണ് പെൻകോസിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുവാൻ സാധിക്കാഞ്ഞത്.

(സി) ഈ സ്ഥാപനം ഒറ്റപ്പാലത്തെ എൻകോസ് ഫൗണ്ടറി യൂണിറ്റുമായി ഏകോപിച്ച് ഒരു ജോയിന്റു സെക്ടർ കമ്പനിയായി പ്രവർത്തിപ്പിക്കാനുള്ള നടപടികൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്.

നിലമ്പൂർ കാടുകളിൽ 1978 ആഗസ്റ്റിൽ നടന്ന മുളം കൂപ്പു ലേലം

764 [1131] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി:

ശ്രീ. എം. പി. ഗംഗാധരൻ:

ശ്രീ. വക്കം പുരുഷോത്തമൻ:

ശ്രീ. കെ. രാഘവൻ മാസ്റ്റർ:

ശ്രീ. എ. എ. റഹീം:

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ കാടുകളിൽ 1978 ആഗസ്റ്റിൽ നടന്ന മുളം കൂപ്പു ലേലത്തിൽ ഗവൺമെന്റിനു ഭീമമായ തുക നഷ്ടമുണ്ടായിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എത്ര രൂപ നഷ്ടമുണ്ടായിട്ടുണ്ട്?

ഉത്തരം

(എ) ആഗസ്റ്റിൽ നടന്ന ലേലം സ്ഥിരപ്പെടുത്താതെ നവംബറിൽ വീണ്ടും ലേലംചെയ്യുകയാണുണ്ടായത്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly